നം. ഇ.എസ്2-38575/2019/ആ.വ.ഡ

ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി. 10/7/2019

# നോട്ടീസ്

വിഷയം : ആ.വ.ഡ – തൃശ്ശൂർ ജില്ലാ മെഡിക്കൽ ഓഫീസിലെ സീനിയർ ക്ലാർക്കായ ശ്രീ. വി. പി പ്രഭ സീനിയോറിറ്റി ലിസ്റ്റിൽ പേര് ഉൾപ്പെടുത്തുന്നതിനായി സമർപ്പിച്ച അപേക്ഷ പരിഗണിക്കുന്നത് - സംബന്ധിച്ച്-

സൂചന :
1. എ2-4977/2017/ജി.മെ.ഒ(ആ), തൃശ്ശൂർ, തീയതി. 04/05/2018
2. ജി. ഒ(എം. എസ്) 214/95/എച്ച് & എഫ്. ഡബ്ല്യൂ. ഡി, തീയതി. 15/05/1995
3. എ2-15964/95/ജി.മെ.ഒ(ആ), തൃശ്ശൂർ, തീയതി. 20/08/1995
4. എ2-3704/98/ജി.മെ.ഒ(ആ), തൃശ്ശൂർ, തീയതി. 04/03/1998
5. ഇ. ഡി1-20007/07/ആ.വ.ഡ, തീയതി. 15/07/2007
6. ഇ. എസ്2-40318/12/ആ.വ.ഡ, തീയതി. 15/12/2014

സീനിയർ ക്ലാർക്കുമാരുടെ 17/06/2000 മുതൽ 31/12/2012 വരെയുള്ള കാലയളവിലെ സീനിയോറിറ്റി പട്ടികയിൽ പേര് ഉൾപ്പെടുത്തുന്നതിനായി തൃശ്ശൂർ ജില്ലാ മെഡിക്കൽ ഓഫീസിലെ സീനിയർ ക്ലാർക്കായ ശ്രീ. വി. പി പ്രഭ സമർപ്പിച്ച അപേക്ഷ സൂചന 1 പ്രകാരം അയച്ചു തന്നിരിക്കുന്നു.

ശ്രീ. വി. പി. പ്രഭ സൂചന 2, സൂചന 3 പ്രകാരം ആശ്രിത നിയമന വ്യവസ്ഥയിൽ, ആരോഗ്യ വകുപ്പിൽ തൃശ്ശൂർ ജില്ലയിൽ 31/08/1995 ൽ- എൽ. ഡി ക്ലാർക്കായി ജോലിയിൽ പ്രവേശിച്ചു. എം. ഒ. പി പരീക്ഷ പാസായതിനെ തുടർന്ന് സൂചന 4 പ്രകാരം പരിവീക്ഷണക്കാലം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. മറ്റ് വകുപ്പ്തല പരീക്ഷകൾ പാസായതിനെ തുടർന്ന് സൂചന 5 പ്രകാരം ശ്രീ. വി. പി. പ്രഭയ്ക്ക് യു. ഡി ക്ലാർക്കായി സ്ഥാനക്കയറ്റം നൽകുകയും ചെയ്തിട്ടുണ്ട്. പക്ഷേ 17/06/2000 മുതൽ 31/12/2012 വരെയുള്ള കാലയളവിലെ സീനിയോറിറ്റി പട്ടികയിൽ (സൂചന 6) ടിയാളുടെ പേര് ഉൾപ്പെട്ടിരുന്നില്ല.

ഉത്തരവ് നമ്പർ. ഇ. എസ്2-1511/98/2005/ആ.വ.ഡ, തീയതി. 02/02/2007 പ്രകാരമുള്ള എൽ. ഡി ക്ലാർക്കുമാരുടെ 01/01/1994 മുതൽ 31/03/1997 വരെയുള്ള കാലയളവിലെ സീനിയോറിറ്റി പട്ടികയിൽ ശ്രീ. വി. പി പ്രഭയെ 153-)ം റാങ്ക് ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ശ്രീ. വി. പി പ്രഭയ്ക്ക് സൂചന 6 പ്രകാരമുള്ള 17/06/2000 മുതൽ 31/12/2012 വരെയുള്ള സീനിയർ ക്ലാർക്കുമാരുടെ സീനിയോറിറ്റി പട്ടികയിൽ 310എ എന്ന സ്ഥാനം നൽകി ഉൾപ്പെടുത്തുന്നതിന് താൽക്കാലികമായി തീരുമാനിച്ചിരിക്കുന്നു.

വിശദവിവരം ചുവടെ ചേർക്കുന്നു.

| Sl. No. | Name | Date of Birth | Date of entry in Service | G.O No. | Old Rank No. | New Rank No. | Remarks |
|---|---|---|---|---|---|---|---|
| 1 | A. Dileep | 30/5/1974 | 29/08/1995 | G.O.MS192/95/H & FWD, Dated: 08.05.1995 A2-15964/95, Dated: 20.8.1995, DMO(H) TSR | 310 | --- | |
| 2 | V. P. Prabha | 09/02/1970 | 31/08/1995 | G.O(ms) 214/1995/ H & FWD, Dated: 15/5/1995 A2-15964/95/DMO(H) TSR, Dated: 20.8.1995 | -- | 310 A | |
| 3 | M. R. Manju | 20/05/1973 | 14/09/1995 | G.O(MS) No.160/95 /H & FWD, Dated: 06/05/95 A2-7091/90, Dated: 31.08.1995, DMO(H)PTA | 311 | --- | |

ഈ നോട്ടീസിന്മേൽ ആർക്കെങ്കിലും പരാതികളെന്തെങ്കിലും ഉണ്ടെങ്കിൽ ആയത് ഈ, നോട്ടീസ് പ്രസിദ്ധീകരിച്ച് 10 ദിവസത്തിനകം നേരിട്ടോ തപാൽ മാർഗ്ഗമോ ബന്ധപ്പെട്ട അധികാരികൾ മുഖേന ഈ ആഫീസിൽ എത്തിക്കേണ്ടതാണ്. അല്ലാത്തപക്ഷം ആക്ഷേപങ്ങളൊന്നും ഇല്ലായെന്ന നിഗമനത്തിൽ തീരുമാനം സ്ഥിരീകരിച്ച് ഉത്തരവാകുന്നതാണ്.

ഒപ്പ്/-

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ

സ്വീകർത്താവ്

ശ്രീ. വി. പി. പ്രഭ

സീനിയർ ക്ലാർക്ക്, ജില്ലാ മെഡിക്കൽ ആഫീസ്(ആരോഗ്യം), തൃശ്ശൂർ

പകർപ്പ്

1. എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും
2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റ്
3. സൂപ്രണ്ട്, ഇ. ഡി. സെക്ഷൻ
4. ഫയൽ/കരുതൽ ഫയൽ

//അംഗീകാരത്തോടെ//

സീനിയർ സൂപ്രണ്ട്